**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 114** **08-12-2022 - ൽ മറുപടിയ്ക്ക്**

**പുതിയ തൊഴിലവസരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത് ,**<br>**ശ്രീ. ടി. ജെ. വിനോദ്,**<br>**ശ്രീമതി.ഉമ തോമസ്,**<br>**ശ്രീ. ടി.സിദ്ദിഖ്** | | **ശ്രീ വി ശിവൻകുട്ടി**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തൊഴിലില്ലായ്മ നിരക്ക് ദേശീയ ശരാശരിയായ 8.2 ശതമാനത്തിനേക്കാൾ അഞ്ച് ശതമാനം വർദ്ധിച്ച് 13.2 ശതമാനമായി ഉയർന്നിട്ടുണ്ടോ; | (എ) | 2011-ലെ സെൻസസ് പ്രകാരം കേരളത്തിലെ ജനസംഖ്യ 3,34,06,061 ആണ്. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ആകെ 27,32,264 തൊഴിൽ രഹിതർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരളത്തിലെ ജനസംഖ്യയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർഥികളുടെ എണ്ണവും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് 8.17% ആണ്. |
| (ബി) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയല്ലാതെ വ്യാപകമായി അനധികൃത നിയമനങ്ങൾ നടക്കുന്നുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | എല്ലാ സർക്കാർ/അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണെന്നുള്ള 1959-ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട്-നും തുടർന്ന് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾക്കും വിരുദ്ധമായി ചില സ്ഥാപനങ്ങളിൽ അനധികൃത നിയമനങ്ങൾ നടന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.<br><br>വ്യക്തികൾ/സംഘടനകൾ മുഖേന ലഭിക്കുന്ന പരാതികളിലും പത്രവാർത്തകളുടെ അടിസ്ഥാനത്തിലും വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ നടത്തുന്ന സ്ഥാപന പരിശോധനകളിലുമാണ് ചില സ്ഥാപനങ്ങളിൽ അനധികൃത നിയമനങ്ങൾ നടന്നതായി ശ്രദ്ധയിൽപെട്ടിട്ടുള്ളത്. |
| (സി) | വ്യവസായ സംരംഭകർ സംസ്ഥാനത്ത് നിക്ഷേപം നടത്താൻ മടിക്കുന്നതും കാർഷിക മേഖലയിലേക്ക് | (സി) | സംസ്ഥാനത്ത് സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭകർ നിക്ഷേപം നടത്താൻ |

| | | | |
|---|---|---|---|
| | പുതുതലമുറയെ ആകർഷിക്കാൻ കഴിയാത്തതും തൊഴിലവസരങ്ങൾ കുറയുന്നതിന് കാരണമാവുന്നുണ്ടോ; വ്യക്തമാക്കുമോ; | | മടിക്കുന്ന സാഹചര്യം നിലവിലില്ല. 2022- 23 സാമ്പത്തിക വർഷം സംരംഭക വർഷമായി പ്രഖ്യാപിച്ച് ഒരു ലക്ഷം സംരംഭങ്ങൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിനുള്ള വിപുലമായ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. പദ്ധതി വഴി ഇതിനകം 97445 സംരംഭങ്ങൾ ആരംഭിച്ച് കഴിഞ്ഞു.<br><br>കാർഷിക മേഖലയിലേക്ക് പുതു തലമുറയെ ആകർഷിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ട് ഞങ്ങളും കൃഷിയിലേക്ക്, ജൈവ കൃഷിയും ഉത്തമ കാർഷികമുറകളും,കാർഷിക സേവന കേന്ദ്രങ്ങളും, സേവന സംവിധാനങ്ങളും (നിലവിൽ ഫാം യന്ത്രവൽക്കരണത്തിനുള്ള സഹായം എന്ന പദ്ധതി), വില നിലവാരം സ്ഥിരപ്പെടുത്തുവാൻ വിപണിയിൽ ഇടപെടുന്നതിനുള്ള പദ്ധതി, കൃഷിക്കൂട്ടങ്ങൾ എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ സംസ്ഥാനത്ത് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ എന്തെല്ലാം നൂതന സംരംഭങ്ങൾക്ക് തുടക്കം കുറിക്കുമെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ? | (ഡി) | സംസ്ഥാനത്ത് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്കായി നൂതന സംരംഭങ്ങൾ ആരംഭിക്കുന്നത് നിലവിൽ തൊഴിൽ വകുപ്പിന്റെ പരിഗണനയിലില്ല. ഇപ്പോൾ അഞ്ച് സ്വയംതൊഴിൽ പദ്ധതികൾ വിജയകരമായി നടപ്പാക്കി വരുന്നുണ്ട്. നിലവിലുള്ള തൊഴിലവസരങ്ങൾക്ക് ഉദ്യോഗാർഥികളെ പ്രാപ്തരാക്കുന്നതിനായി തൊഴിൽ വകുപ്പ് മുഖേന കരിയർ ഡവലപ്മെന്റ് സെന്റർ, എംപ്ലോയബിലിറ്റി സെന്റർ, മോഡൽ കരിയർ സെന്റർ എന്നീ പദ്ധതികളും സംഘടിപ്പിക്കുന്നു.<br><br>ഇതു കൂടാതെ, സംസ്ഥാനത്ത് പുതിയ തൊഴിലവസരണങ്ങൾ സൃഷ്ടിക്കുവാൻ മറ്റു വകുപ്പുകൾ ആവിഷ്കരിക്കുന്ന നൂതന സംരഭങ്ങൾക്ക് തൊഴിൽ വകുപ്പ് എല്ലാ സഹായസഹകരണങ്ങളും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ